# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** **15.07.2015 ലെ മറുപടിക്ക്**

**ചോദ്യം നം 3698**

## ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ

| ചോദ്യം | | ഉത്തരം |
|---|---|---|
| **ശ്രീ. ജി.സുധാകരൻ**<br>**ശ്രീ. കെ.സുരേഷ് കുറുപ്പ്**<br>**ശ്രീ. കെ.കെ.നാരായണൻ**<br>**ശ്രീ. കെ. ദാസൻ** | | **ശ്രീ. എ.പി.അനിൽകുമാർ**<br>**(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി)** |
| എ) സംസ്ഥാനത്തെ പ്രമുഖ വിനോദ കേന്ദ്രങ്ങളിലുണ്ടാകുന്ന അപകടങ്ങൾ - ക്കിരയായി, മരണപ്പെടുന്നവരുടെയും പരിക്കേല്ക്കുന്നവരുടെയും എണ്ണം കൂടി വരുന്ന സ്ഥിതി വിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) യും ബി) യും സി) യും | വിവരം ശേഖരിച്ചുവരുന്നു. |
| ബി) കോവളം, വർക്കല, പൊഴിയൂർ, കാപ്പാട് തുടങ്ങിയ ടൂറിസം കേന്ദ്രങ്ങളിൽ കഴിഞ്ഞ സീസണിൽ എത്തിയ എത്ര ടൂറിസ്റ്റുകൾ മരണപ്പെടുകയോ അപകടത്തിൽ പെടുകയോ ഉണ്ടായിട്ടുണ്ടെന്നതിന്റെ കണക്കുകൾ ലഭ്യമാണോ; | | |
| സി) ടൂറിസം കേന്ദ്രങ്ങളിലെ ശോച്യാവസ്ഥയും ദുരന്തങ്ങളും ടൂറിസം വികസനത്തിനുണ്ടാക്കുന്ന പ്രഹരങ്ങൾ വലുതാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | | |
| ഡി) ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷിതത്വം ഉറപ്പാക്കാൻ എന്തു നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്നറിയിക്കുമോ? | ഡി) | ടൂറിസം വാർഡന്മാരുടെ സേവനം ലഭ്യമാക്കുന്നതിനും പ്രാദേശിക ടൂറിസം നിക്ഷേപകരുടെയും പോലീസിന്റെയും സഹകരണത്തോടെ സെക്യൂരിറ്റി കമ്മിറ്റികൾ രൂപീകരിച്ച് വിനോദസഞ്ചാരികളുടെ സുരക്ഷ കൂടുതൽ ഉറപ്പുവരുത്തുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനും, ടൂറിസം |

(..........2)

കേന്ദ്രങ്ങൾക്ക് സമീപമുള്ള തദ്ദേശവാസികളെ ഉൾപ്പെടുത്തി ജീവൻ രക്ഷാ സന്നദ്ധ സേവകൻ എന്ന പദ്ധതി നടപ്പിലാക്കുന്നതിനും ഉദ്ദേശിക്കുന്നു. നിലവിലുള്ള ലൈഫ് ഗാർഡുകൾക്ക് മെച്ചപ്പെട്ട പരിശീലനവും ആധുനിക ജീവൻരക്ഷാ ഉപകരണങ്ങളും നൽകി കൂടുതൽ കാര്യക്ഷമമായി പ്രവർത്തിക്കുവാനുള്ള സാഹചര്യം ഒരുക്കുന്നതാണ്.

ജീവൻ രക്ഷാ സേവനങ്ങൾക്കായി ഒരു പ്രത്യേക സൊസൈറ്റി രൂപീകരിക്കുകയും ശരിയായ പരിശീലനം നൽകിയും ആധുനിക ഉപകരണങ്ങൾ ലഭ്യമാക്കിയും സേവനം കൂടുതൽ മെച്ചപ്പെടുത്തുകയും ചെയ്യും. എല്ലാ വിനോദ സഞ്ചാര കേന്ദ്രങ്ങളിലും 'ടൂറിസ്റ്റ് വാർഡൻ പദ്ധതി' നടപ്പിലാക്കും. വിനോദ സഞ്ചാരികളെ ബാധിക്കുന്ന അടിയന്തിര സാഹചര്യങ്ങളെ നേരിടുന്നതിനായി ഇത്തരം ആകസ്മിതകളിൽ അടിയന്തിരമായി ഇടപെടാൻ പര്യാപ്തമായ 'കണ്ടിജൻസി റെസ്പോൺസ് സെൽ' സംസ്ഥാന തലത്തിൽ രൂപീകരിക്കുന്നതിനുള്ള നിർദ്ദേശവും പരിഗണനയിലുണ്ട്.

Anuradha

സെക്ഷൻ ഓഫീസർ